PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session — 1959

(Second Meeting)

Friday, the 5th June 1959.

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 5th June 1959, with the Chairman Shri K. M. George in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

രാഷ്ട്രീയ പാർട്ടിയോഗങ്ങൾ ചേരുന്നതിന് നൽകിയിട്ടുള്ള സ്റ്റേഷകം.

* 1685. [1] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-ൽ ഗവണ്മെന്റ് സ്റ്റേഷകം ഏതെങ്കിലും രാഷ്ട്രീയപാർട്ടികളുടെ ആവശ്യാനുസരണം യോഗങ്ങൾ ചേരുന്നതിനും മറ്റുമായി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു സ്റ്റേഷകം ; ഏതു പാർട്ടിക്കു നൽകി ;

(ബി) ഇങ്ങനെ സ്റ്റേഷകം നൽകിയതു് നിലവിലിരുന്ന നിയമങ്ങളെ ലംഘിച്ചുകൊണ്ടാണോ ;

(സി) സ്റ്റേഷകം രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള വർക്കെല്ലാം കൊടുത്തിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉണ്ടു്. ഇപ്പോടെ മാവേലിക്കര ഹൈസ്കൂൾ ആർ. എസ്സ്. പി. സ്കൂൾ, കൊല്ലം ഹൈസ്കൂൾ ആർ. എസ്സ്. പി. സ്കൂൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും സാംസ്കാരിക യോഗങ്ങൾക്കായി നൽകിയിട്ടുണ്ടു്. മുമ്പു് കോഴിക്കോട്ടുള്ള ചില സ്റ്റേഷകം പി. എസ്സ്. പി. യുടേയും, മുസ്ലീം ലീഗിന്റെയും ആവശ്യത്തിനായി കൊടുത്തിട്ടുണ്ടു്.

(ബി) അല്ല. പ്രത്യേകാനുവാദം നൽകാൻ ഡിപ്പാർട്ടുമെൻറിനു് അധികാരമുണ്ടു്.

(സി) കൂടിയേ കഴിയൂ എന്നുള്ള നിലയിൽ ആവശ്യപ്പെട്ടിട്ടുള്ളവ ക്കെല്ലാം സ്കൂളുകൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : സാംസ്കാരികസമ്മേളനങ്ങളിൽ പാർട്ടിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന ഡിസ്ട്രിക്ടു് സമ്മേളനം പെടുന്നുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : ഡിസ്ട്രിക്ടു് സമ്മേളനമാണോ, സ്റ്റേറ്റു് സമ്മേളനമാണോ എന്നുള്ളതിനെക്കുറിച്ചു് ആലോചിച്ചിട്ടില്ല. സാംസ്കാരിക സമ്മേളനങ്ങൾ കൂടുന്നതിനു് അനുവാദത്തിനായി അപേക്ഷിച്ചപ്പോഴാണു് ഡിപ്പാർട്ടുമെൻറു് അനുവാദം നൽകിയതു്.

ശ്രീ. സി. എ. മാത്യു : സാംസ്കാരികസമ്മേളനത്തിനല്ലാതെ പാർട്ടി സമ്മേളനത്തിനാണെങ്കിൽ സ്കൂളുകൾ കൊടുക്കുമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി. ഡിപ്പാർട്ടുമെൻറു് അധികൃതന്മാർക്കു് യുക്തമെന്നു തോന്നുന്ന യോഗങ്ങൾക്കു് അനുവാദം കൊടുക്കും.

ശ്രീ. പി. രാമുണ്ണിക്കറുപ്പു് : വല്ല പാർട്ടിക്കാരും സ്കൂൾ അനുവദിക്കണമെന്നു് അപേക്ഷിച്ചിട്ടു് അനുവാദം നിഷേധിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : നിഷേധിച്ചിട്ടുണ്ടോ എന്നു് അറിഞ്ഞുകൂടാ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മദിരാശി ഗവണ്മെൻറിൻറെ കാലത്തും മലബാറിൽ സ്കൂളുകളിൽ യോഗം ചേരുന്നതിനു് അനുവാദം കൊടുക്കുന്ന പതിവുണ്ടായിരുന്നു എന്നു് അറിയാമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അറിയാം.

റിവർട്ടു ചെയ്ത ജൂനിയർ എഞ്ചിനീയർമാർ.

* 1686. [2] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു്, പൊതുമരാമത്തു് എന്നീ വകുപ്പുകൾ പുനഃസംഘടിപ്പിച്ചതിനെത്തുടർന്നു് എത്ര ജൂനിയർ എഞ്ചിനീയർമാരെ റിവർട്ടു ചെയ്തു ;

(ബി) ഇപ്രകാരം റിവർട്ടു ചെയ്തതു് സീനിയോറിറ്റി പരിഗണിച്ചാണോ, അല്ലെങ്കിൽ എന്തുകൊണ്ടു് ;

(സി) റിവർട്ടു ചെയ്തതു് സീനിയോറിറ്റി ക്രമപ്രകാരം ഏറ്റവും കുറഞ്ഞ സർവ്വീസുള്ളവരെയായിരിക്കണം എന്നു് ഗവണ്മെൻറിൽനിന്നു് ഉത്തരവു് പുറപ്പെടുവിച്ചിരുന്നുവോ ;

(ഡി) അതു നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു കാരണമെന്തു് ;

(ഇ) കൂടുതൽ സർവ്വീസുള്ള ജൂനിയർ എൻജിനീയർമാരെ റിവർട്ടു ചെയ്തു് കുറഞ്ഞ സർവ്വീസുള്ളവരെ ജൂനിയർ എഞ്ചിനീയറായി തുടരാൻ അനുവദിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

(എ) പുനഃസംഘടനയോടനുബന്ധിച്ചു് തസ്തിക കുറവു ചെയ്തതുകൊണ്ടു് 50 പേരുടെ തസ്തിക കുറവു വന്നിട്ടുണ്ടു്. ഈ 50 പേരെയും പിന്നീടു് നിയമിച്ചിട്ടുണ്ടു്.

(ബി) ഡിഗ്രി ഹോൾഡേഴ്സും, ഡിപ്ലോമക്കാരും എന്നുള്ള രണ്ടു് അനുപാതം വച്ചുകൊണ്ടാണു് ഇവരെ റിവർട്ടു ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly